# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3226

18.10.2016 ൽ മറുപടിയ്ക്ക്

## പുന്നപ്ര-സഹകരണ എഞ്ചിനീയറിങ് കോളേജിന്റെയും ആശുപത്രിയുടെയും പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കേപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുന്നപ്ര സഹകരണ എഞ്ചിനീയറിങ് കോളേജിന്റെ പ്രവർത്തനങ്ങൾ സർക്കാർ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കുമോ; | സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, ധനകാര്യ വകുപ്പ് പ്രതിനിധി എന്നിവർ അടങ്ങുന്ന ഒരു ഭരണസമിതിയാണ് കേപ്പിന്റെ പ്രവർത്തനം നടത്തുന്നത്. കാലാകാലങ്ങളിൽ കേപ്പിന്റെ പ്രവർത്തനങ്ങൾ ടി സമിതി തന്നെ അവലോകനം ചെയ്യുന്നുണ്ട്. |
| (ബി) നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വൈവിദ്ധ്യമാർന്ന കോഴ്സുകൾ കൂടി ആരംഭിക്കാൻ കഴിയുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | എഞ്ചിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകുന്ന എ.ഐ.സി.റ്റി.ഇ യുടെ അനുബന്ധ സ്ഥാപനമായ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ അനുമതി ലഭിച്ചാൽ മാത്രമേ പുതിയ കോഴ്സുകൾ ആരംഭിയ്ക്കാൻ സാധിക്കുകയുള്ളു. |
| (സി) ഇവിടെ പ്രവർത്തിച്ചിരുന്ന ഫിനിഷിങ് കോളേജിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | കേപ്പിന്റെ കീഴിലുള്ള ഫിനിഷിംഗ് സ്കൂൾ (കിംമ്പ്) മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നു. സഹകരണ സംഘങ്ങളിലേയും സഹകരണ ബാങ്കുകളിലേയും ജീവനക്കാരുടെയും ജോലിയിലെ മികവ് വർദ്ധിപ്പിക്കുന്നതിനുള്ള ഏറ്റവും മെച്ചപ്പെട്ട ട്രെയിനിംഗ് നൽകുന്ന സഹകരണ രജിസ്ട്രാർ അംഗീകരിച്ച സ്ഥാപനമാണ് കിംമ്പ്. കൂടാതെ കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ കരിയർ ഗൈഡൻസും സോഫ്റ്റ് സ്കിൽ |

ഡെവലപ്മെന്റ് പ്രോഗ്രാമുകളും കിംസ് മുഖേന നടത്തി വരുന്നു. പ്രതിവർഷം 500 ഓളം പേർക്ക് പരിശീലനം നൽകുന്നതു വഴി 10 ലക്ഷം രൂപ വാർഷിക വരുമാനം ലഭിച്ച് വരുന്നു.

(ഡി) ഇവിടെ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയുടെ പ്രവർത്തനം സാഹചര്യത്തിനനുസരിച്ച് ഉയർന്നുവരുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആശുപത്രിയിലെ നിലവിലെ സൗകര്യങ്ങൾ എന്തെല്ലാമാണ്;

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാധുനിക ഓപ്പറേഷൻ തീയറ്റർ
2. 24 മണിക്കൂറും പ്രവർത്തിക്കുന്ന എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ലേബർ റൂം
3. അത്യാധുനിക സി.റ്റി സ്കാൻ
4. വെന്റിലേറ്റർ സംവിധാനം ഉൾപ്പെടെയുള്ള സി.സി.യും
5. ഐ.സി.യു
6. ടി.എം.ടി
7. എക്കോ
8. ഇ.സി.ജി
9. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്
10. ബ്ലഡ് ബാങ്ക് യൂണിറ്റ്
11. ഇ.എസ്.ഡബ്ല്യു.എൽ
12. മൊബൈൽ ഡിസ്പെൻസറി
13. ആംബുലൻസ്
14. കാത്ത് ലാബ്
15. ഡയാലിസിസ് യൂണിറ്റ്
16. പീഡിയാട്രിക് ഐ.സി.യു
17. സെൻട്രലൈസ്ഡ് ഗ്യാസ് പ്ലാന്റ്
18. സെൻട്രൽ സ്റ്റോറിലെ സ്റ്റേഷൻ യൂണിറ്റ്
19. 24 മണിക്കൂർ കാഷ്വാലിറ്റി സർവ്വീസ്
20. രോഗികളുടെ കൂട്ടിരിപ്പുകാർക്ക് എം.എൽ.എ, എസ്.ഡി.എഫ് മുഖാന്തിരം പണിത കെട്ടിടം.

(ഇ) ആശുപത്രയിലെ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, അനുബന്ധ ജീവനക്കാർ, ഓഫീസ് സ്റ്റാഫ് ,ദിവസ വേതനക്കാർ എന്നിവർ എത്രവീതമാണ്; ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ

സാഗര ആശുപത്രിയിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സാഗര ആശുപത്രിയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സ്ഥലം എം.എൽ.എയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയുമായ

| | |
|---|---|
| ചെയ്യാനുദ്ദേശിക്കുന്നത്; ദീർഘനാളായി അടഞ്ഞുകിടക്കുന്ന ക്യാന്റീൻ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ശ്രീ.ജി.സുധാകരന്റെ സാന്നിദ്ധ്യത്തിൽ കേപ്പിന്റെ ചെയർമാനായ സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.08.2016-ൽ യോഗം ചേരുകയും ആശുപത്രിയുടെ ഉന്നമനത്തിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ക്യാന്റീൻ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | നിയമനരീതി | | |
|---|---|---|---|---|
| ക്രമ നം. | തസ്തിക | സ്ഥിരം | കരാർ | ദിവസ വേതനം |
| 1 | ഡോക്ടർ | | 13 | |
| 2 | പാരാമെഡിക്കൽ | 49 | 42 | 7 |
| 3 | ഓഫീസ് സ്റ്റാഫ് | 1 | 16 | 4 |
| 4 | അനുബന്ധ ജീവനക്കാർ | | 34 | |
| 5 | ലിഫ്റ്റ് ഓപ്പറേറ്റർ | | | 5 |
| 6 | സ്വീപ്പർ | | | 65 (3 ഷിഫ്റ്റ്) |
| ആകെ | | 50 | 105 | 81 |

സെക്ഷൻ ഓഫീസർ